# ഇനി അവർ പറയട്ടെ

മാനം വെളുത്തു , കാർമുകിൽ യാത്രയായ്...
എങ്ങും ശാന്തമായ്, കുളിർ
-ത്തെന്നൽ വീശിയെ;

കാലത്തിൻ ചടുലമാം ചലനത്തിൽ
അമർന്നു പോയ് ധനധാന്യങ്ങളും,
ഇനിഇല്ലാ ആ പാവം മൃഗങ്ങളും,
ആനന്ദപൂരിതമാം ഗൃഹം
ഇന്നിതാ ശ്മശാനമായി!...
കാലയവനികയ്ക്കപ്പുറം
മറഞ്ഞുപോയ് ഏവരും...

ഉന്നതന്മാരുടെ പണക്കൊതിയിൽ
പണയമായാ പാവം ജനങ്ങളും,
ഭൂമിയാം മാതാവിൻ കോപത്തിൻ
മുന്നിൽ ഉരുകി പോയ നിമിഷവും

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram
63-ാം കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 639 Participant Code: 333

എല്ലാം കടന്നു പോയി...

ആരുടേയോ കർമ്മത്തിൻ ഫല മതേതോ
പാവങ്ങൾക്കു മേലങ്ങല്ലോ
വർഷിച്ചത്....
പ്രിയതമന്റെ ചിറകിനടിയിൽ
നിന്നും വേർപെട്ടവർക്കെല്ലാം
ഇനിയാരുണ്ട്? പ്രിയരുടെ ചിതയ്ക്കരികിൽ
കണ്ണീരുവറ്റിയവരും പിഞ്ചോമനകളും
വെറും പച്ചമാംസമായ്!
ജീവന്റെ തുടിപ്പുകളറ്റ് ബാക്കിയായേ

പറയൂ... മനുഷ്യജന്മങ്ങളേ
നിന്നാർത്തിക്കു ഫലം അനുഭവിക്കുന്നതാര്
കേൾ; അപരന്റെ അന്നമായ്
വെന്തെരിയുമാ പാവങ്ങൾ
-ക്കിനി ആരുണ്ട്?
മൂഢനാവല്ലേ മനുഷ്യാ നീ സ്വയം...
മനസ്സിലാക്കൂ ആ നഗ്ന സത്യം.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

നിന്റെയാ നീചകർമ്മത്തിൻ ഫലം
അനുഭവിക്കുന്നതാ പാവം 'ജീവികൾ'

മണ്ണിലും ചെളിയിലും വിയർപ്പൊഴുക്കി,
ജീവിതമാം ഭാരം പേറുന്ന ആ
പച്ച മനുഷ്യൻ തന്നെ പാവം ജീവികൾ...
നിർത്തൂ നിൻ ക്രൂരതകൾ...
അപരന്റെ രക്തം കുടിക്കാൻ
മതിയാതെ പോകൂ നിൻ പാതയിൽ കൂടി...

ജീവിക്കട്ടെ... ആ പാവം ജീവികൾ
അവർ നയിക്കട്ടെ ഈ ലോകം,
പറയട്ടെ അവരുടെ ദുരിതങ്ങളും......
ആധുനികരണത്തിൽ മുങ്ങിത്താഴുന്ന
നിങ്ങളുടെ കർമ്മത്തെ പറ്റിയിനി
അവർ പറയട്ടെ.....
അവരുടെ ജീവിതം അവരുടേതു മാത്രമാ....
അവരും പറന്നുയരട്ടെ.....

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)